**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**203**

28-11-2018 ൽ മറുപടിയ്ക്ക്

**വേങ്ങര മണ്ഡലത്തിലെ ഫയർ സ്റ്റേഷൻ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.എൻ.എ.ഖാദർ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) വേങ്ങര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട ഫയർ സ്റ്റേഷൻ ഇതുവരെയും പ്രവർത്തനമാരംഭിക്കാത്തതിനാൽ ഇക്കഴിഞ്ഞ പ്രളയത്തിൽ ഇവിടെ നേരിട്ട ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) വേങ്ങരയിൽ ഫയർ സ്റ്റേഷൻ ഇല്ലായെങ്കിലും ഇക്കഴിഞ്ഞ പ്രളയത്തിൽ തിരൂർ, മലപ്പുറം നിലയത്തിലെ ജീവനക്കാർ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ട് 300 ലേറെ ആളുകളെ രക്ഷപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലവും ആവശ്യമായ ഉദ്യോഗസ്ഥ തസ്തികകളും അനുവദിച്ചുത്തരവായിട്ടും പ്രസ്തുത സ്റ്റേഷൻ ആരംഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ; | ബി) വേങ്ങരയിൽ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് എ.ആർ.നഗർ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റീ സർവ്വേ നം.311/1 ലെ പി.എച്ച്.സി. കോമ്പൗണ്ടിൽപ്പെട്ട 25 സെന്റ് സ്ഥലമാണ് അനുവദിച്ച് ഉത്തരവായിട്ടുള്ളത്. പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി തുടർന്നു വരുന്നു. |
| സി) തൽക്കാലം പ്രവർത്തിക്കാനാവശ്യമായ വാടക കെട്ടിടങ്ങൾ കണ്ടെത്തിയിട്ടും ഫയർ സ്റ്റേഷൻ പ്രവർത്തനം തുടങ്ങാൻ തടസ്സമെന്താണ്; എത്രയും വേഗം ഫയർസ്റ്റേഷൻ പ്രവർത്തനം തുടങ്ങുവാൻ വേണ്ട നടപടികൾ ഉണ്ടാവുമോയെന്ന് വ്യക്തമാക്കുമോ? | സി) ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് വാടക കെട്ടിടം കണ്ടെത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ